# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5415** **26.03.2018-ൽ മറുപടിയ്ക്ക്**

**റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ വാർഡുകളല്ലാത്ത വാർഡുകളിലെ റോഡുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിയ്ക്കായി സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ എസ്റ്റിമേറ്റാണ് തീരദേശറോഡുകളുടെ നിലവാരം ഉയർത്തൽ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിക്കുന്നത്. ടി നിർവ്വചന പ്രകാരം തീരദേശത്തെ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികളിലേയും, കോർപ്പറേഷനുകളിലെയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, എന്നിവയിലേതെങ്കിലും കൂടി കടന്നുപോകുന്ന റോഡുകളേയും, കായൽ റിസർവ്വോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലേക്കുള്ള റോഡുകൾ ഉൾപ്പെടുത്താവുന്നതാണ്. തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ തീരദേശ പഞ്ചായത്ത് പൂർണ്ണമായും ഉൾപ്പെടുന്നതിനാൽ തീരദേശ വാർഡ് കൂടാതെ ടി പഞ്ചായത്തിലെ മുഴുവൻ വാർഡിലെയും റോഡുകൾ തീരദേശ റോഡിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. കൂടാതെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലത്തേക്കുള്ള വാർഡുകളിലെ റോഡുകൾ, കായൽ, റിസർവ്വോയർ തീരങ്ങൾ മത്സ്യം വളർത്തൽ കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ എന്നിവയും ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| ബി) | എങ്കിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്; വിശദവിവരം തുക സഹിതം വെളിപ്പെടുത്തുമോ? | ബി) സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളത് തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾക്കാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 466 റോഡുകൾക്കായി 204.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**